published on 23.6.15

Thirteenth Kerala Legislative Assembly

Bill No. 356

# THE MINIMUM WAGES (KERALA AMENDMENT) BILL, 2015

©
Kerala Legislature Secretariat
2015

KERALA NIYAMASABHA PRINTING PRESS.

Thirteenth Kerala Legislative Assembly

Bill No. 356

# THE MINIMUM WAGES (KERALA AMENDMENT) BILL, 2015

582/2015.

# THE MINIMUM WAGES (KERALA AMENDMENT) BILL, 2015

*A*

*BILL*

*further to amend the Minimum Wages Act, 1948.*

*Preamble.*—WHEREAS, it is expedient further to amend the Minimum Wages Act, 1948 (Central Act 11 of 1948) in its application to the State of Kerala for the purposes hereinafter appearing;

BE it enacted in the Sixty-sixth Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Minimum Wages (Kerala Amendment) Act, 2015.

(2) It extends to the whole of the State of Kerala.

(3) It shall come into force at once.

2. *Amendment of Section 20.*—In section 20 of the Minimum Wages Act, 1948 (Central Act 11 of 1948) (hereinafter referred to as the principal Act),—

(a) in sub-section (1), for the words "or any officer of the State Government not below the rank of a Labour Commissioner" the words "or any officer of the State Government not below the rank of a Deputy Labour Commissioner" shall be substituted;

(b) in sub-section (4), for the words "fifty rupees" the words "one thousand rupees" shall be substituted;

(c) in sub-section (5), for clause (b), the following clause shall be substituted, namely:—

"(b) if the Authority is not a Magistrate, by the Authority, as if it were arrears of revenue due on land, without prejudice to any other mode of recovery.".

3. *Amendment of Section 22.*—In section 22, for the words "five hundred rupees" the words "five thousand rupees" shall be substituted.

4. *Amendment of Section 22A.*—In section 22A, for the words "five hundred rupees" the words "five thousand rupees" shall be substituted.

## STATEMENT OF OBJECTS AND REASONS

As per sub-section (1) of section 20 of the Minimum Wages Act, 1948, at present the claims under this Act are to be heard and decided by an Officer of the State Government at the level of Labour Commissioner. As there are practical difficulties in enforcing this provision in different areas of the State, Government have decided to appoint officers of the State Government not below the rank of a Deputy Labour Commissioner in the place of Labour Commissioner for deciding the claims under the Act. At present the claim petition of an employee under the Minimum Wages Act, 1948 is decided by the procedure prescribed under section 20 of the said Act. As per sub-section (5) of section 20 of the said Act any amount directed to be paid by the authority can only be recovered through Magistrates. This procedure causes unnecessary delay in recovering the amounts due. Therefore, Government have decided to amend the said provision in the Act in its applicability to the State of Kerala so as to enable the authority to recover the amount as arrears of revenue due on land from the employer or such other person who has been directed to pay the amount.

The rates of fine prescribed under various provisions in the Act have also become obsolete and need to be enhanced for the effective implementation of the provisions of the Act. Hence it is also decided to amend sub-section (4) of section 20, sections 22 and 22A of the Act, suitably by enhancing the amount of fines prescribed under these sections.

The Bill seeks to amend the Minimum Wages Act, 1948 in its application to the State of Kerala, to achieve the above object.

## FINANCIAL MEMORANDUM

The Bill, if enacted and brought into operation would not involve any additional expenditure from the Consolidated Fund of the State.

SHIBU BABY JOHN

# EXTRACT OF THE RELEVANT PORTIONS FROM THE MINIMUM WAGES ACT, 1948 (CENTRAL ACT 11 OF 1948)

** ** ** **

20. *Claims.*—(1) The appropriate Government may, by notification in the Official Gazette, appoint any Commissioner for Workmen's Compensation or any officer of the Central Government exercising functions as a Labour Commissioner for any region, or any officer of the State Government not below the rank of Labour Commissioner or any other officer with experience as a Judge of a Civil Court or as a stipendiary Magistrate to be the Authority to hear and decide for any specified area all claims arising out of payment less than the minimum rates of wages or in respect of the payment of the remuneration for days of rest or for work done or such days under Cl. *(b)* or Cl. *(c)* of sub-section (1) of Sec. 13 or of wages at the overtime rate under Sec. 14, to employees employed or paid in that area.

** ** ** **

(4) If the authority hearing any application under this section is satisfied that it was either malicious or vexatious, if may direct that a penalty not exceeding fifty rupees be paid to the employer by the person presenting the application.

** ** ** **

(5) Any amount directed to be paid under this section may be recovered—

(a) if the authority is a Magistrate, the authority as if it were a fine imposed by the authority as a Magistrate, or

(b) if the authority is not a Magistrate, by any Magistrate to whom the authority makes application in this behalf, as if it were a fine imposed by such Magistrate.

** ** ** **

22. *Penalties for certain offences.*—Any employer who,—

(a) pays to any employee less than the minimum rates of wage fixed for employee's class of work, or less than the amount due to him under the provisions of this Act, or

(b) contravenes any rule or order made under Sec. 13, be punishable with imprisonment for a term which may extend to six months or with fine which may extend to five hundred rupees, or with both:

Provided that in imposing any fine for an offence under this section, the Court shall take into consideration the amount of any compensation already awarded against the accused in any proceedings taken under Sec. 20.

** ** ** **

22A. *General provision for punishment of other offences.*—Any employer who contravenes any provision of this Act or of any rule or order made thereunder shall, if no other penalty is provided for such contravention by this Act, be punishable with fine which may extend to five hundred rupees.

** ** ** **

---

published on 20-8-15

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 356

# 2015-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2015

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 356

# 2015-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ

930/2015.

പതിമൂന്നാം കേരള നിയമസഭ
ബിൽ നമ്പർ 356

# 2015-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ

## 1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

## ഒരു

## ബിൽ

പീഠിക.—1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റ് (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) അത് കേരള സംസ്ഥാനത്ത് ബാധകമാകുന്നിടത്തോളം ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2015-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 20-ാം വകുപ്പിനുള്ള ഭേദഗതി.—1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 20-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ "തൊഴിൽ കമ്മീഷണറുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും സ്റ്റേറ്റ് ഗവൺമെന്റ് ഉദ്യോഗസ്ഥനേയോ" എന്ന വാക്കുകൾക്ക് പകരം "ഡെപ്യൂട്ടി തൊഴിൽ കമ്മീഷണറുടെ പദവിയിൽ താഴെയല്ലാത്ത സ്റ്റേറ്റ് ഗവൺമെന്റിലെ ഏതൊരു ഉദ്യോഗസ്ഥനേയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (4)-ാം ഉപവകുപ്പിൽ, "അൻപത് രൂപയിൽ" എന്ന വാക്കുകൾക്ക് പകരം "ആയിരം രൂപയിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(സി) (5)-ാം ഉപവകുപ്പിലെ (ബി) ഖണ്ഡത്തിനു പകരം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ബി) അധികാരസ്ഥാനം ഒരു മജിസ്ട്രേറ്റ് അല്ലെങ്കിൽ, മറ്റ് ഏതെങ്കിലും രീതിയിൽ ഈടാക്കുന്നതിന് ഭംഗം വരാതെ, ഭൂനികുതി കുടിശ്ശിക എന്നപോലെ, അധികാരസ്ഥാനത്തിനോ."

3. 22-ാം വകുപ്പിനുള്ള ഭേദഗതി.—22-ാം വകുപ്പിൽ "അഞ്ഞൂറ് രൂപയോള മാകാവുന്ന" എന്ന വാക്കുകൾക്ക് പകരം "അയ്യായിരം രൂപയോളമാകാവുന്ന" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. 22എ വകുപ്പിനുള്ള ഭേദഗതി.—22എ വകുപ്പിൽ, "അഞ്ഞൂറ് രൂപയോള മാകാവുന്ന" എന്ന വാക്കുകൾക്ക് പകരം "അയ്യായിരം രൂപയോളമാകാവുന്ന" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ 20-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിലവിൽ ഈ ആക്റ്റ് പ്രകാരമുള്ള അവകാശ തർക്കങ്ങൾ സംസ്ഥാന സർക്കാരിലെ തൊഴിൽ കമ്മീഷണറുടെ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥൻ കേൾക്കേണ്ടതും തീരുമാനം കൈകൊള്ളേണ്ടതുമാണ്. എന്നാൽ, സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ ഈ വ്യവസ്ഥ നടപ്പാക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുള്ളതു കൊണ്ട് പ്രസ്തുത ആക്റ്റിൻ കീഴിലുള്ള അവകാശ തർക്കങ്ങൾ തീരുമാനിക്കുന്നതിന് സംസ്ഥാന സർക്കാരിലെ ഡെപ്യൂട്ടി തൊഴിൽ കമ്മീഷണറുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥനെ തൊഴിൽ കമ്മീഷണറുടെ സ്ഥാനത്ത് നിയമിക്കുന്നതിന് സർക്കാർ തീരുമാനിച്ചു. നിലവിൽ, 1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റ് പ്രകാരം ഒരു തൊഴിലാളിയുടെ അവകാശ തർക്ക പരാതി പ്രസ്തുത ആക്റ്റിലെ 20-ാം വകുപ്പിൽ നിർണ്ണയിച്ചിട്ടുള്ള നടപടിക്രമത്തിലൂടെയാണ് തീരുമാനിക്കുന്നത്. പ്രസ്തുത ആക്റ്റിലെ 20-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം അധികാരസ്ഥാനം നിർദ്ദേശിക്കുന്ന ഏതൊരു തുകയും മജിസ്ട്രേറ്റുമാർ മുഖാന്തിരം മാത്രമേ വസൂലാക്കാൻ സാധിക്കുകയുള്ളൂ. ഈ നടപടിക്രമം കിട്ടാനുള്ള തുക വസൂലാക്കുന്നതിന് കാലതാമസത്തിന് ഇടവരുത്തുന്നു. അതിനാൽ, ഈ ആക്റ്റിലെ പ്രസ്തുത വകുപ്പ്, കേരള സംസ്ഥാനത്തിന് ബാധകമാകുന്നിടത്തോളം തൊഴിലുടമയിൽ നിന്നോ അല്ലെങ്കിൽ തുക അടയ്ക്കാൻ നിർദ്ദേശിക്കപ്പെട്ട ആളിൽ നിന്നോ കിട്ടാനുള്ള ഭൂനികുതി കുടിശ്ശിക എന്നപോലെ ആ തുക ഈടാക്കുന്നതിന് അധികാരസ്ഥാനത്തിന് കഴിയുംവിധം, ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

ഈ ആക്റ്റിലെ വിവിധ വ്യവസ്ഥകൾക്കു കീഴിൽ നിർണ്ണയിച്ചിട്ടുള്ള പിഴ നിരക്കുകൾ കാലഹരണപ്പെട്ടിട്ടുള്ളതും ഈ ആക്റ്റിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ആയത് വർദ്ധിപ്പിക്കേണ്ടത് ആവശ്യവുമാണ്. അതിനാൽ ഈ ആക്റ്റിലെ 20-ാം വകുപ്പ് (4)-ാം ഉപവകുപ്പ്, 22, 22എ എന്നീ വകുപ്പുകൾ പ്രകാരം നിർണ്ണയിച്ചിട്ടുള്ള പിഴ തുക വർദ്ധിപ്പിച്ചുകൊണ്ട് ഈ വകുപ്പുകൾ അനുയോജ്യമായി ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചു.

മേൽപ്പറഞ്ഞ ആവശ്യം നിറവേറ്റുന്നതിനായി 1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റ്, കേരള സംസ്ഥാനത്തിന് ബാധകമാകുന്നിടത്തോളം ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

ഷിബു ബേബി ജോൺ

(ശരിത്തർജ്ജമ)

# 1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിൽ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

20. അവകാശവാദങ്ങൾ.—(1) സമുചിതഗവൺമെന്റിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ഏതെങ്കിലും തൊഴിലാളി നഷ്ടപരിഹാരക്കമ്മീഷണറേയോ, ഏതെങ്കിലും പ്രദേശത്തേക്ക് ഒരു തൊഴിൽക്കമ്മീഷണറായി ചുമതലകൾ നിർവ്വഹിക്കുന്ന ഏതെങ്കിലും കേന്ദ്രഗവൺമെന്റ് ഉദ്യോഗസ്ഥനേയോ, തൊഴിൽ കമ്മീഷണറുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും സ്റ്റേറ്റ് ഗവൺമെന്റ് ഉദ്യോഗസ്ഥനേയോ, ഒരു സിവിൽക്കോടതിയിലെ ജഡ്ജിയായോ ശമ്പളം പറ്റുന്ന മജിസ്ട്രേട്ടായോ പരിചയം സിദ്ധിച്ച മറ്റേതെങ്കിലും ഉദ്യോഗസ്ഥനേയോ, ഏതെങ്കിലും വിനിർദ്ദിഷ്ട പ്രദേശത്തേക്ക്, ആ പ്രദേശത്ത് നിയോജിക്കപ്പെടുകയോ കൂലി കൊടുക്കപ്പെടുകയോ ചെയ്യുന്ന ജോലിക്കാർക്ക് ഏറ്റവും കുറഞ്ഞ കൂലിനിരക്കിലും കുറഞ്ഞ കൂലി കൊടുക്കുന്നതിൽ നിന്നോ അല്ലെങ്കിൽ 13-ാം വകുപ്പിലെ (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിനോ (ഗ) ഖണ്ഡത്തിനോകീഴിൽ വിശ്രമദിവസങ്ങൾക്കോ അങ്ങനെയുള്ള ദിവസങ്ങളിൽ ചെയ്ത പ്രവൃത്തിക്കോ വേതനമോ 14-ാം വകുപ്പിൻകീഴിൽ ഓവർടൈം നിരക്കിലുള്ള കൂലിയോ കൊടുക്കുന്നതു സംബന്ധിച്ചോ ഉദ്ഭവിക്കുന്ന എല്ലാ അവകാശവാദങ്ങളും കേൾക്കുകയും തീരുമാനിക്കുകയും ചെയ്യാനുള്ള അധികാരസ്ഥാനമായി നിയമിക്കാവുന്നതാണ്.

** ** ** **

(4) ഈ വകുപ്പിൻകീഴിൽ ഏതെങ്കിലും അപേക്ഷ കേൾക്കുന്ന അധികാരസ്ഥാനത്തിന്, ആ അപേക്ഷ ദുരുദ്ദേശ്യപരമായതോ ശല്യമുണ്ടാക്കുന്നതോ ആണെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അധികാരസ്ഥാനത്തിന്, അപേക്ഷ ബോധിപ്പിക്കുന്ന ആൾ നിയോജകന് അൻപതുരൂപയിൽ കവിയാത്ത ഒരു ദണ്ഡനത്തുക കൊടുക്കണമെന്ന് നിർദ്ദേശിക്കാവുന്നതാണ്.

(5) ഈ വകുപ്പിൻകീഴിൽ കൊടുക്കാൻ നിർദ്ദേശിക്കുന്ന ഏതെങ്കിലും തുക—

(ക) അധികാരസ്ഥാനം മജിസ്ട്രേറ്റാണെങ്കിൽ, ആ തുക മജിസ്ട്രേറ്റ് എന്ന നിലയിൽ ആ അധികാരസ്ഥാനം ചുമത്തിയ പിഴ ആയിരുന്നാലെന്നപോലെ, അധികാരസ്ഥാനത്തിനോ;

(ഖ) അധികാരസ്ഥാനം മജിസ്ട്രേറ്റ് അല്ലെങ്കിൽ, ആ തുക ഏത് മജിസ്ട്രേറ്റിനാണോ അധികാരസ്ഥാനം ഇതിലേക്കായി അപേക്ഷ കൊടുക്കുന്നത്, അങ്ങനെയുള്ള ഏതെങ്കിലും മജിസ്ട്രേറ്റ് ചുമത്തിയ പിഴ ആയിരുന്നാലെന്നപോലെ, ആ മജിസ്ട്രേറ്റിനോ,

വസൂലാക്കാവുന്നതാണ്.

** ** ** **

22. ചില കുറ്റങ്ങൾക്കുള്ള ദണ്ഡനങ്ങൾ.—ഏതു നിയോജകനാണോ,—

(ക) ഏതെങ്കിലും ജോലിക്കാരന് ആ ജോലിക്കാരന്റെ പ്രവൃത്തിയുടെ തരം പ്രവൃത്തിക്ക് നിജപ്പെടുത്തിയിട്ടുള്ള ഏറ്റവും കുറഞ്ഞ കൂലി നിരക്കുകളിലും കുറവായോ, അല്ലെങ്കിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് കീഴിൽ, അയാൾക്ക് കിട്ടാനുള്ള തുകയിലും കുറവായോ കൊടുക്കുകയോ, അല്ലെങ്കിൽ

(ഖ) 13-ാം വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടമോ ഉത്തരവോ ഉല്ലംഘിക്കുകയോ,

ചെയ്യുന്നത്, ആ നിയോജകൻ, ആറുമാസത്തോളമാകാവുന്ന കാലത്തേക്കുള്ള തടവുശിക്ഷയോ, അഞ്ഞൂറുരൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു:

എന്നാൽ ഈ വകുപ്പിൻകീഴിലെ ഒരു കുറ്റത്തിന് ഏതെങ്കിലും പിഴ ചുമത്തുന്നതിൽ, പ്രതിക്ക് എതിരായി 20-ാം വകുപ്പിൻകീഴിൽ എടുത്തിട്ടുള്ള ഏതെങ്കിലും നടപടികളിൽ അവാർഡ് ചെയ്ത് കഴിഞ്ഞിട്ടുള്ള ഏതെങ്കിലും നഷ്ടപരിഹാരത്തുക കോടതി പരിഗണനയിൽ എടുക്കേണ്ടതാകുന്നു.

22ക. മറ്റുകുറ്റങ്ങളുടെ ശിക്ഷയ്ക്കുള്ള സാമാന്യവ്യവസ്ഥ.—ഈ ആക്റ്റിലേയോ അല്ലെങ്കിൽ അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടത്തിലേയോ ഉത്തരവിലേയോ ഏതെങ്കിലും വ്യവസ്ഥ ഉല്ലംഘിക്കുന്ന ഏതു നിയോജകനും, അങ്ങനെയുള്ള ഉല്ലംഘനത്തിന്, ഈ ആക്റ്റ് മറ്റുദണ്ഡനം വ്യവസ്ഥ ചെയ്യാത്തപക്ഷം, അഞ്ഞൂറുരൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

** ** ** **

---